**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.662 — 05.06.2018-ലെ മറുപടിയ്ക്ക്

**ഒളിമ്പിക്സിൽ മെഡൽ ലക്ഷ്യമാക്കി കായിക താരങ്ങൾക്ക് പരിശീലനം നൽകുന്നതിന് പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | മികച്ച കായിക താരങ്ങളെ കണ്ടെത്തുന്നതിനും വിദഗ്ധ പരിശീലനം നൽകുന്നതിനും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; | (എ), (ബി) & (സി) | മികച്ച കായിക താരങ്ങളെ കണ്ടെത്തുന്നതിനും വിദഗ്ധ പരിശീലനം നൽകുന്നതിനുമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ, ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | 2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള കേരള താരങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേരളത്തിലെ കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി |
| (സി) | ഏതൊക്കെ മത്സരങ്ങളിലാണ് പ്രത്യേക പരിശീലന പദ്ധതി നടപ്പിലാക്കുന്നത്; ഇതിനായി എത്ര കായിക താരങ്ങളെ ഇതിനകം തെരഞ്ഞെടുത്തിട്ടുണ്ട്; ഇവരെ വിദേശ രാജ്യങ്ങളിൽ അയച്ച് പരിശീലിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൻ കീഴിൽ അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലാണ് പരിശീലനം നൽകുന്നത്. ഷൂട്ടിംഗ് കായികയിനത്തിൽ 10 പേർക്കും ബാക്കി ഓരോ കായികയിനത്തിലും 20 കായിക താരങ്ങളെ വീതം ആകെ 210 കായിക താരങ്ങൾക്കാണ് പരിശീലനം നൽകുന്നത്.<br>അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ് എന്നീ ഇനങ്ങൾക്ക് തിരുവനന്തപുരത്തും, ബാഡ്മിന്റണിന് എറണാകുളത്തും കനോയിംഗ് & കയാക്കിംഗിന് |

| | | | |
|---|---|---|---|
| | | | കൊല്ലത്തും ഫെൻസിംഗിന് കണ്ണൂരും റോവിംഗിന് ആലപ്പുഴയിലും ആർച്ചറിക്ക് വയനാട്ടിലുമാണ് പരിശീലന കേന്ദ്രങ്ങൾ ആരംഭിയ്ക്കുവാൻ ഉദ്ദേശിക്കുന്നത്.<br>ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലെ ഓരോ കായിക ഇനത്തിനും മികച്ച നിലവാരത്തിലുള്ള ആധുനിക കായിക ഉപകരണങ്ങൾ ലഭ്യമാക്കിക്കൊണ്ട് അന്തർദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോട് കൂടി ഇന്ത്യയിലേയും വിദേശത്തിലെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം കൂടി പ്രയോജനപ്പെടുത്തി വിദഗ്ദ്ധ പരിശീലനം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | സ്പോർട്സ്, ഗെയിംസ് ഇനത്തിൽ മികവ് കാണിക്കുന്ന കായികതാരങ്ങൾക്ക് സർക്കാർ സർവീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര പേർക്ക് നിയമനം നൽകി;വ്യക്തമാക്കാമോ? | (ഡി) | മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിരുന്നു. പ്രസ്തുത നിയമന നടപടികൾ പുരോഗമിച്ചുവരികയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് കായിക താരങ്ങൾക്ക് നിയമനം നൽകുന്നതാണ്.<br>35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്കിന്റെ 68 സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. കൂടാതെ ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി നീക്കി വച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടറിയേറ്റിൽ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**